## മധുരമായ കുട്ടികളേ - സ്വയം രാജയോഗിയാണെന്ന് മനസ്സിലാക്കി വികാരീ സംബന്ധങ്ങളിൽ നിന്ന് മമത്വം ഇല്ലാതാക്കൂ, കേവലം ബന്ധം നിറവേറ്റിന്നതിന് വേണ്ടി കൂടെയിരിക്കൂ.

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ദേഹ ബോധത്തെ മറന്നുകളഞ്ഞിട്ടുണ്ട്, അതിന്റെ ഓർമ്മ ചിഹ്നം ശാസ്ത്രങ്ങളിൽ ഏത് രൂപത്തിൽ കാണിച്ചിരിക്കുന്നു?

**ഉത്തരം:-** പാണ്ഡവർ പർവ്വതത്തിന് മുകളിൽ പോയി മരിച്ചു. പക്ഷെ അവർക്ക് പർവ്വത്തിന് മുകളിൽ മഞ്ഞിൽ പോയി ശരീരം ഉപേക്ഷിക്കേണ്ട ആവശ്യം എന്താണ്. നിയമം പറയുന്നു ഹിമാലയ പർവ്വതങ്ങളിൽ പോയി അവരാരും ശരീരം ഉപേക്ഷിക്കുന്നില്ല. ബാക്കി നിങ്ങൾ യോഗബലത്തിലൂടെ ശരീരം ഉപേക്ഷിക്കുകയാണ്. ദേഹ ബോധത്തെ മറന്ന് അശരീരിയായി മാറുന്നതിന്റെ അഭ്യാസം ചെയ്യുകയാണ്.

**ഓം ശാന്തി**. ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ്. എല്ലാ ദിവസവും മനസ്സിലാക്കി തരുന്നുണ്ട് എന്നിട്ടും പല കാര്യങ്ങളും മറന്നു പോവുകയാണ്. ഇത് സംഗമയുഗമാണെന്ന് കുട്ടികളുടെ ബുദ്ധിയിൽ വെയ്ക്കണം. നമ്മൾ സംഗമയുഗത്തിലാണ്. ബാബ വരുന്നതും സംഗമയുഗത്തിലാണ്. കലിയുഗ അവസാനവും സത്യയുഗ ആദിയുടെ സംഗമമെന്ന് പാടപ്പെട്ടിട്ടുണ്ട്. വിളിക്കുന്നതും ഈ സമയത്താണ്. പതിത ലോകമെന്ന് പറയപ്പെടുന്നത് കലിയുഗത്തിന്റെ അവസാനത്തെയാണ് അതിനാൽ വേറെ ഒരു സമയത്തും വിളിക്കുന്നില്ല. ബാബ വരുന്നുമില്ല. എപ്പോൾ കലിയുഗത്തിന്റെ അവസാനമാകുന്നുവോ അപ്പോൾ അപ്പോഴാണ് എന്നെ വിളിക്കുന്നത് - ബാബാ പതിതരായ ഞങ്ങളെ പാവനമാക്കി മാറ്റാൻ വരൂ. കലിയുഗത്തിന്റെ അവസാനത്തിലും സത്യയുഗത്തിന്റെ ആദിയിലും വരൂ. വിളിക്കുന്നുണ്ട് പക്ഷെ അവർക്ക് അറിയുകയില്ല കല്പത്തിന്റെ ആയുസ്സെത്രയാണെന്ന്. മനസ്സിലാക്കുന്നുണ്ട് ഭക്തി ചെയ്ത് ചെയ്ത്, നഷ്ടം അനുഭവിച്ചനുഭവിച്ച് അവസാനം ലഭിക്കുക തന്നെ ചെയ്യുമെന്ന്. കല്പത്തിന്റെ അവസാനം എപ്പോഴായിരിക്കും, ഇതാർക്കും അറിയുകയില്ല. ഓർമ്മിക്കുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ കലിയുഗത്തിന്റെ അവസാനമാകുന്നത്. സത്യ-ത്രേതായുഗത്തിലാണെങ്കിൽ സുഖം മാത്രമാണ്, ദ്വാപര യുഗത്തിലും ഇത്രയും ദുഖമുണ്ടാകുന്നില്ല. കലിയുഗത്തിൽ മനുഷ്യൻ എപ്പോഴാണോ വളരെ ദുഖിയായി മാറുന്നത് അപ്പോൾ ബാബയെ വിളിക്കാനാരംഭിക്കുന്നു. തമോപ്രധാനം അർത്ഥം ദുഖീ, അപ്പോഴാണല്ലോ വിളിക്കുക. അല്ലയോ ദുഖത്തെ ഹരിച്ച് സുഖം തരുന്നവനേ വരൂ. ദുഖത്തിന്റെ ബന്ധനമാണെങ്കിൽ വളരെയാണ്. ദുഖത്തിന്റെ സമയത്ത് തന്നെയാണ് ഭഗവാനെ വിളിക്കുന്നത് ഈ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കൂ എന്ന്. എപ്പോൾ ഒരു വഴിയും ലഭിക്കുന്നില്ലയോ അപ്പോൾ വലിയ ഉച്ചത്തിൽ വിളിക്കുന്നു. പക്ഷെ എന്നിട്ടും ലഭിക്കുന്നില്ല. ഏതുപോലെയാണോ വഴി മറക്കുന്ന കോട്ടയില്ലേ. ഏതിലൂടെ പോയാലും വഴി ലഭിക്കുന്നില്ല. എപ്പോൾ ക്ഷീണിച്ച് പോകുന്നോ പിന്നെ നിലവിളിക്കുന്നു. അതിനാൽ ഇവിടെയും മനുഷ്യർ എപ്പോൾ വളരെയധികം ദുഖിയാകുന്നോ അപ്പോൾ നില വിളിക്കുന്നു - അല്ലയോ ദുഖത്തെയകറ്റി സുഖം തരുന്നവനേ, അല്ലയോ അന്ധന്മാരുടെ ഊന്ന് വടി. ഈ സമയത്ത് തന്നെയാണ് വിളിക്കുന്നത് അന്ധന്മാരുടെ ഊന്ന് വടി.

ഇപ്പോൾ നിങ്ങൾ സംഗമത്തിലാണ്. ഒരു ഭാഗത്ത് പാണ്ഡവരും മറു ഭാഗത്ത് കൗരവരും. അന്ധനെന്ന് അവരെയാണ് പറയുന്നത് ആരാണോ രചയിതാവിനെയും രചനയുടെ ആദി-മധ്യ-അന്ത്യത്തെയും അറിയാത്തത്. അലങ്കരിക്കപ്പെട്ടവരെന്ന് അവരെയാണ് പറയുന്നത് ആരാണോ ബാബയിലൂടെ രചയിതാവിനെയും രചനയേയും അറിഞ്ഞത്. നിങ്ങളാണെങ്കിൽ മനസ്സിലാക്കി കൊടുക്കണം ഞങ്ങൾക്ക് രാജ്യ ഭാഗ്യം ലഭിച്ചിരിക്കുകയാണ് അപ്പോഴാണ് ചിത്രം കാണിക്കുന്നത്. സത്യയുഗമാണ് ശിവബാബയാൽ സ്ഥാപിക്കപ്പെട്ടത്, അതുകൊണ്ട് അതിന്റെ പേര് ശിവാലയമെന്നായി. പിന്നീട് വികാരിയായി മാറുന്നു അപ്പോൾ വാമ മാർഗ്ഗത്തിന്റെ സ്ഥാപനയുണ്ടാകുന്നു അതുകൊണ്ട് ഇതിനെ വേശ്യാലയമെന്ന് പറയുന്നു. സത്യയുഗമാണ് ശിവാലയം. കലിയുഗം വേശ്യാലയമാണ്. നിങ്ങൾ സംഗമയുഗീ ബ്രാഹ്മണർക്ക് ഇതറിയാം ഇപ്പോൾ നമ്മൾ വേശ്യാലയത്തിലുമല്ല ശിവാലയത്തിലുമല്ല. നമ്മൾ ശിവാലയത്തിൽ പോയ്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വേശ്യാലയം, വികാരിയായ സംബന്ധത്തിൽ നിന്ന് നമുടെ മമത്വം വിട്ടിരിക്കുകയാണ്. ഇപ്പോൾ നമുക്ക് നമുടെ ഭാവിയിലെ സംബന്ധത്തോടാണ് മമത്വം. നമ്മളിപ്പോൾ രാജയോഗിയാണ്, അവർ യോഗിയാണ്. അവരുമായി നമുക്ക് എന്ത് സംബന്ധമാണ്. എങ്കിലും ബന്ധം നിറവേറ്റുന്നതിന് വേണ്ടി കഴിയേണ്ടത് വീട്ടിൽ തന്നെയാണ്. എന്നാൽ ബന്ധം ബ്രാഹ്മണരുമായി വളരെയധികം വെയ്ക്കുന്നു എന്തുകൊണ്ടെന്നാൽ ബ്രാഹ്മണരുടെ ഉയർന്ന സേവനം മറ്റാർക്കും ചെയ്യാൻ

സാധിക്കുകയില്ല. ആത്മീയ സേവനം ചെയ്യുന്നതിന് ബാബ തന്നെ നിമിത്തമാക്കി യിരിക്കുകയാണ്. ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, ഗുരുവുമാണ്. സത്യമായ ബാബ, സത്യമായ ടീച്ചർ, സത്ഗുരുവുമാണ്. സത്യത്തെ ഉയർന്നത് എന്നാണ് പറയുന്നത്. ബാബയിലൂടെ നമുക്ക് സമ്പത്ത് ലഭിച്ചു കൊണ്ടിരിക്കുകയാണ്. ഇത് ഓർമ്മിക്കുന്നതിലൂടെ ഓരോ സെക്കന്റും വളരെയധികം സന്തോഷമുണ്ടാവണം പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്യുന്നു. ആദ്യമാദ്യം പാരലൗകിക അച്ഛനാണ്. ബാബ സത്യമായ അദ്ധ്യാപകനുമാണ്, സത്ഗുരുവുമാണ്. സൃഷ്ടി ചക്രത്തിന്റെ ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നു, അതിനാൽ ബാബയെ ജ്ഞാനത്തിന്റെ സാഗരൻ എന്ന് പറയുന്നു. ആദ്യമാദ്യം ബാബയുടെ മഹിമ ചെയ്യണം. ബാബ സത്യമായ അച്ഛൻ, സത്യമായ ടീച്ചർ, സത്യമായ സത്ഗുരുവാണ്. സത്യമായ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നു. ഒരു രാജ്യം വേണമെന്ന് യാചിക്കാറുണ്ടല്ലോ. അതാണെങ്കിൽ സത്യയുഗത്തിലാണുണ്ടാവുക. ഇവിടെയുണ്ടാവില്ല. മനുഷ്യർ പറയുന്നു ഒരു ലോകമുണ്ടാവണം, ഏകതയുണ്ടാവണം. ലോകമാണെങ്കിൽ ഒന്ന് തന്നെയാണുണ്ടാവുക. ലോകത്തിൽ കേവലം ഒരു രാജ്യമായിരിക്കും, ഇത് സംഭവിക്കുന്നു. ദേവതകളുടെ രാജ്യമായിരുന്നു, അവിടെ വേറെ ഒരു ബഹളത്തിന്റെയും കാര്യമില്ലായിരുന്നു. പരിധിയില്ലാത്ത ബാബ തന്നെയാണ് വന്ന് രാജധാനി സ്ഥാപിക്കുന്നത്. ഇതും ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി. ബാബ തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നത് ശ്രീ കൃഷ്ണനല്ല. അവർ കൃഷ്ണന് വേണ്ടി മനസ്സിലാക്കി കൊടുത്തു. രാജയോഗം പഠിപ്പിക്കുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ രാജധാനി സ്ഥാപിച്ചിട്ടുണ്ടായിരുന്നത്. ബാക്കി ശാസ്ത്രങ്ങളിലാണെങ്കിൽ മഹിമയാണ്. കേവലം മഹിമ ചെയ്യുന്നതിലൂടെ ആരെങ്കിലും രാജയോഗം പഠിപ്പിക്കുന്നുണ്ടോ? ഗീത മുതലായവ ആരാണോ കേൾപ്പിക്കുന്നത് അവർ ആരെങ്കിലും രാജയോഗം പഠിപ്പിക്കുന്നുണ്ടോ? ഗീത കേൾപ്പിക്കുന്നു അതാണെങ്കിൽ കേവലം ആരാണോ ചെയ്ത് പോയത് അവരുടെ മഹിമ ചെയ്യുകയാണ്. ഭഗവാൻ ആർക്കാണോ കേൾപ്പിച്ചത് അവർ തന്നെയാണ് രാജ്യ പദവി നേടിയത്. ബാക്കി ഈ ഉത്സവം എല്ലാം ഭക്തി മാർഗ്ഗത്തിലെയാണ്. മുഖ്യമായത് സംഗമയുഗത്തിന്റെ കാര്യമാണ്. ശിവബാബ വരുന്നു, ശിവ ജയന്തിക്ക് ശേഷം കൃഷ്ണ ജയന്തി. ശിവബാബയുടെ വരവിന് ശേഷം തീർച്ചയായും പുതിയ ലോകത്തിന്റെ സ്ഥാപനയുണ്ടാകും. കൃഷ്ണനാണെങ്കിൽ സത്യയുഗത്തിന്റെ അധികാരിയാണ്. ശിവബാബ വന്ന് കൃഷ്ണനെ അങ്ങനെയാക്കി മാറ്റി. ഒരു കൃഷ്ണന് മാത്രമല്ല ജ്ഞാനം നൽകിയിട്ടുണ്ടാവുക. കൃഷ്ണപുരിയുടെ സ്ഥാപനയുണ്ടാകും. ആത്മാവിനെ തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാക്കുന്നതിന് വേണ്ടി യോഗം പഠിപ്പിച്ചു. നിങ്ങളും പിന്നീട് സതോ രജോ തമോയിലേക്ക് വരുമല്ലോ. ഇങ്ങനെയല്ല സത്യയുഗത്തിൽ തന്നെ നിങ്ങൾക്ക് ഇരിക്കണം. 84 ജന്മങ്ങളുടെ കണക്കുമുണ്ട്. സത്യയുഗത്തിന് ശേഷം ത്രേതാ... തീർച്ചയായും വരിക തന്നെ വേണം. പകലിന് ശേഷം രാത്രി വരിക തന്നെ വേണം. സത്യയുഗത്തിന്റെ സ്ഥാപന ആര് ചെയ്യുന്നു, എങ്ങനെ ചെയ്യുന്നു? എന്തുകൊണ്ടെന്നാൽ സത്യയുഗം തന്നെയാണ് പുതിയ ലോകം. ബാബ പറയുന്നു ഞാൻ പഴയ ലോകത്തെ മാറ്റുന്നു. ഇത് അതേ മിസൈലുകളുടെ മഹാഭാരിയായ, മഹാഭാരത യുദ്ധമാണ്. പറയുന്നു പാണ്ഡവരുമുണ്ടായിരുന്നു. പാണ്ഡവരുടെ വിജയമുണ്ടായി. തീർച്ചയായും സ്വരാജ്യം ലഭിക്കുന്നു. അതിനാൽ സ്വരാജ്യത്തിൽ വരുമല്ലോ. ശരീരം എവിടെ വേണമെങ്കിലും ഉപേക്ഷിച്ചോളൂ, രാജ്യഭാഗ്യത്തിൽ വരണം. നിയമം പറയുന്നു ഹിമാലയ പർവ്വതത്തിലൊന്നും ആരും ശരീരം ഉപേക്ഷിക്കുന്നില്ല. യോഗമാണെങ്കിൽ ഇവിടെ തന്നെയാണ് പഠിപ്പിക്കുന്നത്. യോഗബലത്തിലൂടെ തന്നെ ശരീരം ഉപേക്ഷിക്കണം. അവർക്ക് എന്താണ് പ്രശ്നം പർവ്വതത്തിന് മുകളിൽ മഞ്ഞിൽ പോയി ശരീരം ഉപേക്ഷിക്കാൻ. ഇതും കെട്ടുകഥയാണ്. സർപ്പം പഴയ തോൽ കളഞ്ഞ് പുതിയത് എടുക്കുന്നത് പോലെ. അതുപോലെ ആത്മാവും ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്നെടുക്കുന്നു. ശാന്തിധാമത്തിൽ പോയി പിന്നീട് സത്യയുഗത്തിൽ വരും. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് സത്യയുഗത്തിൽ ശരീരം ഉപേക്ഷിക്കുന്നത്, സ്വയംതന്നെ തന്റെ സമയമാകുമ്പോൾ ശരീരം വയസ്സാകുന്നു അപ്പോൾ ഒരു ശരീരം ഉപേക്ഷിച്ച് വേറൊന്നെടുക്കുന്നു. അവിടെയാണെങ്കിൽ തിരിച്ച് ശാന്തിധാമത്തിൽ പോകില്ല. ഇപ്പോഴാണ് ശാന്തിധാമത്തിൽ പോകേണ്ടത്. ഇപ്പോൾ ആ അഭ്യാസം ചെയ്യുകയാണ് നിങ്ങളുടെ ആ അഭ്യാസം അവിനാശിയായി മാറുന്നു. ഇവിടെയാണെങ്കിൽ അഭ്യാസം ഇതിനാലാണ് ചെയ്യിക്കുന്നത് എന്തുകൊണ്ടെന്നാൽ പഴയ ലോകത്തിനെ തന്നെ ഉപേക്ഷിക്കണം. അവിടെ യാണെങ്കിൽ സ്വർഗ്ഗത്തിൽ തന്നെയാണ്. സ്വർഗ്ഗവാസി ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിൽ തന്നെയാണ് വരിക. നരകവാസി ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ നരഗത്തിൽ തന്നെയാണ് വരിക. സ്വർഗ്ഗത്തിൽ പോകുക സാധ്യമല്ല. സത്യയുഗത്തിലാണെങ്കിൽ അപ്പോഴാണ് പോവുക എപ്പോൾ ബാബ വന്ന് രാജയോഗം പഠിപ്പിക്കുന്നത്, അപ്പോൾ ദൈവീക രാജധാനിയിൽ അർത്ഥം സത്യയുഗത്തിൽ പോകാൻ സാധിക്കും. രാജാ-മഹാരാജാവിന്റെ(ടൈറ്റിൽ) പദവി ഇവിടെയും ലഭിക്കുന്നു. പദവി മറ്റൊന്നായിരിക്കും, എന്നാൽ പേര് അത് തന്നെ കൈമാറി വരുന്നു. മാറ്റാൻ സാധിക്കില്ല. ചിലർ പണം നൽകി പേരുണ്ടാക്കി യെടുക്കുന്നു.. മുമ്പ് ഒന്നോ രണ്ടോ ലക്ഷം നൽകിയാൽ ടൈറ്റിൽ ലഭിക്കുമായിരുന്നു. അതിനാൽ ഇത്

ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്കിരുന്ന് മനസ്സിലാക്കി തരികയാണ്. ബാബയെ സ്പിരിചൽ ഫാദർ എന്ന് പറയുന്നു, ആത്മാക്കളുടെ അച്ഛൻ, ആരെയാണോ വിളിച്ചിരുന്നത് അല്ലയോ ബാബാ വരൂ, വന്ന് ഞങ്ങൾ പതിതരെ പാവനമാക്കി മാറ്റൂ എന്ന്. ഇവിടെ വളരെ ദുഖമാണ്. ഞങ്ങളെ രാമ രാജ്യത്തിലേയ്ക്ക് കൂട്ടികൊണ്ട് പോകൂ. ഡ്രാമയനുസരിച്ച് 5000 വർഷങ്ങൾക്ക് മുമ്പും ഇങ്ങനെ പറഞ്ഞിരുന്നു. പരംപിതാ പരമാത്മാവിന് വരിക തന്നെ വേണം. ഈ ചക്രം കറങ്ങികൊണ്ടിരിക്കുകയാണ്. ബാബ പറയുന്നു കല്പ-കല്പം കല്പത്തിന്റെ സംഗമയുഗത്തിൽ ഞാൻ വരുന്നു. ഈ അക്ഷരം തീർച്ചയായും ചേർക്കേണ്ടതുണ്ട്. ഡ്രാമാ പ്ലാൻ അനുസരിച്ച് വരുന്നു. ഡ്രാമ എന്ന അക്ഷരവും എഴുതണം. അപ്പോൾ മനുഷ്യർക്ക് അറിയാൻ സാധിക്കും ഇത് 5000 വർഷത്തിന്റെ ഡ്രാമയാണ്.

ഇപ്പോൾ എല്ലാ മനുഷ്യരും പതിതരാണ് അതിനാൽ സ്വയം പറയുന്നു ഞാൻ പാപിയാണ്, നീചനാണ് എന്ന്. വേശ്യാലയവുമായിരുന്നു, വിഷയ സാഗരമല്ലേ. വിഷ്ണുപുരി ക്ഷീര സാഗരമായിരുന്നു, അവിടെ ലക്ഷ്മീ നാരായണൻ രണ്ടു പേരുമുണ്ടായിരുന്നു. ഈ ക്ഷീര സാഗരം എന്ന് പറയുന്നത് താരതമ്യം ചെയ്ത് പറയുന്നതാണ്. ബാക്കി ക്ഷീര സാഗരമൊന്നുമില്ല. സാഗാരമാണെങ്കിൽ സത്യയുഗത്തിലും ഇത് തന്നെയാണ്. കലിയുഗത്തിലും ഇത് തന്നെയാണ്. സത്യയുഗത്തിൽ മുഴുവൻ സാഗരത്തിനും അധികാരികളാണ് നിങ്ങൾ. മുഴുവൻ ഭൂമി, ആകാശത്തിനും അധികാരികളാണ് നിങ്ങൾ. ഇപ്പോൾ കഷ്ണം കഷ്ണമായി മാറി. ഇപ്പോൾ ഇത് സംഗമയുഗമാണ്. സംഗമയുഗം എപ്പോൾ ഓർമ്മ വരുന്നോ അപ്പോൾ സത്യയുഗത്തിലേയ്ക്ക് പോകുകയാണെന്ന് മനസ്സിലാകും. സംഗമമാണെങ്കിൽ തീർച്ചയായും ബാബയുമുണ്ടാകും. ബാബ ഈ ലോകത്തെ മാറ്റുന്നയാളാണ്. സ്ഥാപന ബ്രഹ്മാവിലൂടെ ഇവിടെയാണുണ്ടാവുന്നത്. ഇപ്പോൾ നിങ്ങൾ ചിത്രം ഉണ്ടാക്കുകയാണ്. ബാബയാണെങ്കിൽ ലൈറ്റിന്റെയും മൈറ്റിന്റെയും ബിന്ദുവാണ്. നിങ്ങളുടെ ആത്മാവും ലൈറ്റാണ്. ബാബ നിങ്ങൾക്കെങ്ങനെ ലൈറ്റ് നൽകും, അതിനാൽ നിങ്ങളുടെ ശിരസിന് മേൽ ബിന്ദു നൽകിയിരിക്കുകയാണ്. ആത്മാവിനെങ്ങനെ ലൈറ്റ് നൽകും! ലൈറ്റ് നൽകുന്നതിലൂടെ വലുതാകുന്നു. ആ വലിയ ലൈറ്റിനെ തന്നെയാണ് പൂജിക്കുന്നത് അതിനാൽ മനുഷ്യർ പരമാത്മാവിനെ ജ്യോതി സ്വരൂപമെന്ന് പറയുന്നു. വാസ്തവത്തിൽ ലൈറ്റ് പവിത്രതയുടെ അടയാളമാണ്. മനുഷ്യർ മനസ്സിലാക്കുന്നു – ജ്യോതി സ്വരൂപം. ബിന്ദുവും ചെറുതാണ് നൽകുന്നതെങ്കിൽ പൂജയെങ്ങനെ ഉണ്ടാകും, അതിനാൽ വലുതാക്കിയിരിക്കുകയാണ്. ബാബ പറയുന്നു ഞാൻ പരമാത്മാവ്, സുപ്രീം സോൾ ആണ് ആരെയാണോ നിങ്ങൾ പരമാത്മാവെന്ന് പറയുന്നത്. പക്ഷെ ചെറിയ ബിന്ദുവിനെ എങ്ങനെ പൂജിക്കും. ലൈറ്റ് എങ്ങനെ നൽകും. ചിലർ ശിവലിംഗത്തിന്റെ പൂജ ചെയ്യുന്നു, സമ്പന്നരാണെങ്കിൽ വജ്രത്തിന്റെ ഗോളമുണ്ടാക്കി അതിന്റെ പൂജ ചെയ്യുന്നു. പേരാണെങ്കിൽ ശിവ ലിംഗമെന്ന് തന്നെ വെയ്ക്കും. നക്ഷത്രമാണ്. വേറെ ഒരു വസ്തുവല്ല. ഈ വലിയ ഗുഹ്യമായ കാര്യങ്ങൾ മനസ്സിലാക്കാനുള്ളതാണ്. ആത്മാവ് വലുതും ചെറുതുമൊന്നും ആകുന്നില്ല. ഇല്ലായെങ്കിൽ എങ്ങനെ ഫിറ്റാകും. ഇപ്പോൾ നിങ്ങൾ എങ്ങനെയാണോ ആത്മാവിനെ അറിയുന്നത് അതുപോലെ അച്ഛനെയും അറിയുന്നു. ആത്മാവ് ബാബയെ വിളിക്കുന്നു, നിങ്ങൾ നിങ്ങളുടെ ആത്മാവിനെ കണ്ടിട്ടുണ്ടോ? അപ്പോൾ പരമാത്മാവിനെ എങ്ങനെ കാണും? ഹാ, ദിവ്യ ദൃഷ്ടിയിലൂടെ കാണാൻ സാധിക്കുന്നു. അതിനാൽ നിങ്ങൾ എപ്പോൾ അറിയുന്നുവോ പിന്നെ കാണുന്നതിലൂടെ എന്താണ് നേട്ടം. ഇതാണെങ്കിൽ പഠിപ്പ് പഠിക്കാനുള്ളതാണ്, ഏതിലൂടെയാണോ മനുഷ്യർ ദേവതയായി മാറുന്നത്. ഇത് ഭാവിയിലെ പുതിയ ലോകത്തിലേയ്ക്കുള്ള പഠിപ്പാണ്. ഈ ലക്ഷ്മീ നാരായണൻ എവിടെ എപ്പോൾ കർമ്മം പഠിച്ചു? സംഗമത്തിൽ. ബാബ പറയുന്നു ഞാൻ സംഗമത്തിൽ തന്നെയാണ് വന്ന് നിങ്ങളെ പുതിയ ലോകത്തിലേയ്ക്ക് വേണ്ടി പഠിപ്പ് പഠിപ്പിക്കുന്നത്. ബാബ പ്രദർശിനി സമയങ്ങളിൽ കത്തയക്കാറുണ്ട്, നിങ്ങൾ എഴുതണം ഇത് സംഗമയുഗമാണ്. ബാബ പറയുന്നു നിങ്ങൾക്ക് എന്നിലൂടെ ജന്മാവകാശം എടുക്കാൻ സാധിക്കുന്നു– ഭാവിയിലെ 21 ജന്മത്തേയ്ക്ക്. സംഗമയുഗം എന്ന അക്ഷരം തീർച്ചയായും എഴുതണം. കൃത്യമായ ചിത്രം ഏതാണോ അതിന്റെ കോപ്പി അവിടെ വെയ്ക്കണം. വലിയ അക്ഷരത്തിൽ എഴുതണം. ദിനം പ്രതി ദിനം വ്യക്തതയുണ്ടാകുന്നു. താഴെ എഴുതുക തന്നെ വേണം ബാപ്ദാദ. ശിവബാബ ആരാണോ ആത്മാക്കളുടെ അച്ഛൻ അവർ പ്രജാപിതാ ബ്രഹ്മാവിലൂടെ പഠിപ്പിക്കുകയാണ്. ബാബ പറയുന്നു എനിക്ക് ശരീരത്തിന്റെ ആധാരം വേണമല്ലോ. ശിവനാണെങ്കിൽ നിരാകാരനാണ്. ബാബയ്ക്ക് സ്വന്തമായി ശരീരമില്ല. ബ്രഹ്മാ, വിഷ്ണു, ശങ്കരനാണെങ്കിൽ സൂക്ഷ്മ ആകാരിയാണ് ബാക്കി എല്ലാവർക്കും ശരീരമുണ്ട്. ബാബ പറയുന്നു– എനിക്ക് ശരീരമെവിടെ. എന്നാൽ ഇങ്ങനെയൊന്നുമല്ല ഞാൻ നാമ രൂപത്തിൽ നിന്ന് വേറിട്ടതാണ്. വളരെ വ്യക്തമായി കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നു. ഞാൻ നിരാകാരനാണ്. പക്ഷെ എപ്പോഴാണോ ഞാൻ വരുന്നത് അപ്പോൾ എനിക്ക് തീർച്ചയായും ശരീരം വേണമല്ലോ. ഞാൻ ഗർഭത്തിൽ വരുന്നില്ല. ഞാൻ സ്വയം പറയുകയാണ് ഞാൻ ഈ സാധാരണ ശരീരത്തിലാണ് വരുന്നത്. ഇദ്ദേഹം ആദ്യം പൂജ്യനായിരുന്നു, ഇപ്പോൾ പൂജാരിയായി മാറിയിരിക്കുകയാണ്. മാലയിലും ആദ്യം ശിവബാബ പിന്നെ

രണ്ട് മുത്തുകൾ. പ്രവൃത്തി മാർഗ്ഗമാണല്ലോ. ഇപ്പോൾ നിങ്ങൾക്കറിയാം പ്രവൃത്തി മാർഗ്ഗത്തിന്റെ തന്നെയാണ് മാല, ആരാണോ പ്രവൃത്തി മാർഗ്ഗത്തിൽ പതിതമായിരുന്നത്, ഇപ്പോൾ ശിവബാബയുടെ നിർദ്ദേശത്തിലൂടെ പാവനമായി മാറി സൃഷ്ടിയെ പാവനമാക്കിക്കൊണ്ടിരിക്കുന്നു, അതിനാൽ ഓർമ്മ ചിഹ്നത്തിന്റെ മാലയുണ്ടാക്കിയിരിക്കുന്നു. രുദ്രമാലയും വിഷ്ണുവിന്റെ വൈജയന്തിമാലയും ഉണ്ട്. ബ്രാഹ്മണരുടെ മാല ഉണ്ടാകുന്നില്ല. ഉണ്ടാക്കാൻ പരിശ്രമിച്ചിരുന്നു എന്നാൽ ഉണ്ടായില്ല അതുകൊണ്ട് മാലയുണ്ടാക്കുക, അവ്യക്ത നാമകരണം ചെയ്യുക എല്ലാം ഉപേക്ഷിച്ചു. ഇവിടുത്തെ പേര് ഇവിടെ തന്നെ ഉപേക്ഷിച്ച് അതേ പഴയ പേരെടുത്ത് ഓടിപ്പോകുന്നു. അവരെ ആ പുതിയ പേരെടുത്ത് ആരും വിളിക്കില്ല. അതിനാൽ ബാബ നമുടെ അച്ഛൻ, ടീച്ചർ, ഗുരുവാണ്, അങ്ങനെയുള്ള ബാബയെ വളരെ സ്നേഹത്തോടെ ഓർമ്മിക്കണം പക്ഷെ മായ ഇങ്ങനെയാണ് മറപ്പിക്കുന്നു അതിനാൽ അവസ്ഥ ഇളകുന്നു. വാടിയ ചെടിയുടെ ഫീലിംഗ് വരുന്നു. ശിവബാബയുടെ ഓർമ്മയിലൂടെ പിന്നീട് വീണ്ടും നിവരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) വികാരീ സംബന്ധത്തിൽ നിന്നും മമത്വം കളയണം. ഭാവിയിലെ പുതിയ സംബന്ധവുമായി ബുദ്ധിയോഗം വെയ്ക്കണം.

2) മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി എല്ലാ സമയവും സന്തോഷത്തിലിരിക്കണം. സത്യമായ ബാബ, സത്യമായ ടീച്ചർ, സത്ഗുരുവിന്റെ ശ്രീമതത്തിലൂടെ നടന്ന് അന്ധരുടെ ഊന്ന് വടിയായി മാറണം.

### വരദാനം:- കോമളതയെ അദ്ഭുതത്തിലേക്ക് പരിവർത്തനം ചെയ്ത് മായാജീത്താകുന്ന ശക്തി സ്വരൂപമായി ഭവിക്കൂ

ശക്തിസ്വരൂപമാകുന്നതിന് വേണ്ടി കോമളതയെ അദ്ഭുതത്തിലേക്ക് പരിവർത്തനപ്പെടുത്തൂ. കേവലം തന്റെ സംസ്ക്കാരങ്ങളെ പരിവർത്തനപ്പെടുത്തുന്നതിൽ കോമളമാകൂ, കർമ്മത്തിൽ ഒരിക്കലും കോമളമാകരുത്. ഇതിൽ ശക്തി രൂപമാകണം. ആരാണോ ശക്തി രൂപത്തിന്റെ കവചം ധാരണ ചെയ്യുന്നത് അർക്ക് മായയുടെ ഒരമ്പും ഏൽക്കുക സാധ്യമല്ല അതുകൊണ്ട് താങ്കളുടെ മുഖം, കണ്ണുകൾ എല്ലാം കോമളമാകുന്നതിന് പകരം ശക്തി രൂപമായി കാണപ്പെടണം അപ്പോൾ മായാജീത്തായി പാസ്സ് വിത്ത് ഓണറിന്റെ സർട്ടിഫിക്കേറ്റ് നേടാൻ സാധിക്കും.

### സ്ലോഗൻ:- ത്രികാലദർശിയുടെ സീറ്റിൽ സെറ്റായി ഓരോ കർമ്മവും ചെയ്യൂ എങ്കിൽ മായ ദൂരെ നിന്ന് തന്നെ ഓടിപ്പോകും.